# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.619** **09/02/2016-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം

**ചോദ്യം**

**ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**

**മറുപടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (എ) | കൊച്ചി സ്മാർട്ട് സിറ്റി ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ാം തീയതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇത് മുഖേന നേരിട്ടും, അല്ലാതെയും എത്രപേർക്ക് തൊഴിൽ സാധ്യതയുണ്ടാകുമെന്ന് വിശദമാക്കുമോ; | (ബി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5000-ൽപരം ഐടി ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും ലഭ്യമാകുമെന്ന കണക്കാക്കുന്നു. |
| (സി) | കേരളത്തിലെ ഐ.ടി. മേഖലയുടെ ഉയർച്ചക്ക് ഇതിന് എത്രത്തോളം പങ്ക് വഹിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) | സ്മാർട്ട് സിറ്റിയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുമ്പോൾ ഐ.ടി., മറ്റ് അനുബന്ധ മേഖലകളിൽ ആഗോള നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുവാനും സംസ്ഥാനത്തിന്റെ ഐ.ടി. കയറ്റുമതി വരുമാനം വർദ്ധിക്കുവാനും ഇടയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ